**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - തോളൂർ ഗ്രാമപ്പഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2009-2010 - ഖണ്ഡിക 3-1 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ. (സാ.ധാ) നം.1176/15 /തസ്വഭവ. തിരുവനന്തപുരം, തീയതി: 18/04/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/09/2014-ലെ എം3-34470/14 നമ്പർ കത്ത്.

(2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 06/01/2015-ലെ L.F. 16662/PT2/2014 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം 44,236/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിൽ 24/07/2007-ലെ ജി.ഒ (എം.എസ്) 183/07/തസ്വഭവ വികേന്ദ്രീകാസൂത്രണം സബ്സിഡി മാർഗ്ഗരേഖ 6-9 പ്രകാരം ഉൽപ്പാദനപരമല്ലാത്ത മേളകൾ/ക്യാമ്പയിനുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ലായെന്നും സർക്കാർ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതും നിയന്ത്രണമുള്ള സംഗതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ മേൽ വിഷയത്തിൽ സാധൂകരണം നൽകുന്നതിന് സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും 2010-11, 2011-12 വർഷങ്ങളിൽ ഇതേ പദ്ധതി നടപ്പാക്കിയിട്ടുള്ളതിനാലും 2011-12 വർഷം നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതിനാലും തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിൽ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 44,236/- (നാൽപത്തിനാലായിരത്തി ഇരുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ